LIBRARY ARCHIVES Kerala Legislative Assembly

വില്ലേജുകൾ വിഭജിക്കുന്നതിനുള്ള മാനദണ്ഡം

6 (4285) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൂടുതൽ ജനസംഖ്യയുള്ള എത്ര വില്ലേജുകൾ വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഭജനത്തിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു കമ്മീഷനെ നിയോഗിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കമ്മിഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(ബി) നിലവിലുള്ള മാനദണ്ഡമനുസരിച്ച് പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന വില്ലേജിന്റെ വിസ്തീർണ്ണം 25 ചതുരശ്ര കിലോമീറ്ററും ജനസംഖ്യ 25000-വും ആയിരിക്കണം. ജനസംഖ്യയിൽ 10000 വർദ്ധനവ് ഉണ്ടെങ്കിൽ വിസ്തീർണ്ണത്തിൽ ആനുപാതികമായി കുറവും ആകാവുന്നതാണ്.

കോഴിക്കോട് ജില്ലയിലെ ശോചനീയാവസ്ഥയിലായ വില്ലേജ് ഓഫീസുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

7(4286) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എത്ര വില്ലേജ് ഓഫീസുകൾ ഉണ്ട് :

(ബി) അവയിൽ സ്വന്തം കെട്ടിടം ഉള്ള വില്ലേജ് ഓഫീസുകൾ എത്ര :

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ എത്ര :

(ഡി) ഫറോക്ക് ഗ്രാമപഞ്ചായത്തിലെ കരുവാൻ തിരുത്തി വില്ലേജ് ഓഫീസും ഫറോക്ക് വില്ലേജ് ഓഫീസും പ്രവർത്തിച്ചുവരുന്ന കെട്ടിടങ്ങൾ നിലംപതിക്കാറായതും ചോർന്നൊലിക്കുന്നതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഇ) പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടം മാറ്റിസ്ഥാപിക്കണമെന്ന നാട്ടുകാരുടെ ആവശ്യം പരിഗണിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(എഫ്) വാടകയിനത്തിൽ പ്രതിമാസം എത്ര തുക ചെലവ് വരുന്നു ;

(ജി) ശോചനീയാവസ്ഥയിലുള്ള വില്ലേജ് ഓഫീസുകൾ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 117 വില്ലേജ് ഓഫീസുകൾ

(ബി) 94.

(സി) 23.

(ഡി) ഉണ്ട്.

(ഇ) കരുവൻ തിരുത്തി വില്ലേജ് ഓഫീസ് കെട്ടിടം മാറ്റി സ്ഥാപിക്കണമെന്നും മാറ്റിസ്ഥാപിക്കേണ്ടതില്ലെന്നും രണ്ടു ഭീമഹർജികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്. ബ്ലോക്ക് വില്ലേജ് ഓഫീസ് കെട്ടിടം മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് യാതൊരു ഹർജിയും ലഭിച്ചിട്ടില്ല.

(എഫ്) 8375 രൂപ.

(ജി) നടപടി സ്വീകരിക്കുന്നതാണ്.

കളക്ടറേറ്റുകളിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ

8 (4287) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ജില്ലാ കളക്ടറേറ്റുകളിൽ എത്ര ഫയലുകൾ തീരുമാനമാകാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫയലുകളിൽ എത്ര കാലംവരെ പഴക്കമുള്ളവ ഉണ്ടെന്നുള്ളത് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഫയലുകളിന്മേലുള്ള നടപടി മുൻഗണനാക്രമത്തിൽ തീർപ്പാക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) 1,76,288 ഫയലുകൾ.

(സി) പ്രസ്തുത ഫയലുകളിന്മേലുള്ള നടപടി മുൻഗണനാക്രമത്തിൽ തീർപ്പു കല്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നതാണ്.

കാലപ്പഴക്കമുള്ള ഫയലുകളിൽ തീരുമാനം എടുക്കാൻ നടപടി

9(4288) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. വി. ബാലറാം :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ആറു മാസത്തിലധികം കാലപ്പഴക്കമുള്ള എത്ര ഫയലുകൾ പെൻഡിംഗ് ആയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly